(സി) സംസ്ഥാനത്ത് റേഷൻകാർഡ് പുതുക്കൽ ആരംഭിക്കുമ്പോൾ 7012457 കാർഡുകൾ നിലവിലുണ്ടായിരുന്നു.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കിയ റേഷൻകാർഡ് വിതരണം 31-3-2010-ന് പൂർത്തീകരിച്ചതോടെ, പുതിയ റേഷൻകാർഡിനും, തിരുത്തലുകൾ വരുത്തുന്നതിനും വൻതോതിൽ അപേക്ഷകൾ ലഭിക്കാൻതുടങ്ങി. നിശ്ചിത സമയപരിധിക്കുള്ളിൽ അവ വിതരണംചെയ്യാൻ കഴിയില്ല എന്ന് മനസ്സിലാക്കി, 31-5-2010-വരെ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കുന്നതുവരെ പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നു. 31-12-2010-ഓടുകൂടി എല്ലാ കുടിശ്ശികയും തീർക്കുകയും തുടർന്ന് ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി റേഷൻകാർഡ് വിതരണം നടത്തിവരികയുംചെയ്യുന്നു. കാർഡ് ഉടമകൾക്ക് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് കൂടുതൽ സി-ഡിറ്റ് ജീവനക്കാരെയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി പരമാവധി വേഗത്തിൽ കാർഡ് വിതരണം നടത്തിവരുന്നുണ്ട്.

റേഷൻകാർഡ് വിതരണത്തിലെ കാലതാമസം

129 (143) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകാർഡുകൾ വിഭജിക്കുന്നതിനും തിരുത്തുന്നതിനും ഡിസംബർ 31-വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നും അതിൽ എത്ര കാർഡുകൾ വിതരണംചെയ്തു എന്നും, താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) റേഷൻകാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻകാർഡിനുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻകാർഡുകൾ വിഭജിക്കുന്നതിനും തിരുത്തുന്നതിനും ഡിസംബർ 31-വരെ 1159272 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ 998764 കാർഡുകൾ വിതരണംചെയ്തു. താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) റേഷൻകാർഡ് വിതരണം ത്വരിതപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ സപ്ലൈ ഓഫീസുകളിലും അപേക്ഷകളുടെ എണ്ണത്തിന് അനുസരിച്ച് കൂടുതൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിലെല്ലാം സി-ഡിറ്റിന്റെ അധിക ജീവനക്കാരെ നിയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ ആയി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സ്വീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ അത്തരം അപേക്ഷകളിൽ ഡാറ്റാ എൻട്രി ഒഴിവാക്കാൻ കഴിയുന്നതുകൊണ്ട് സമയലാഭം ഉണ്ടാകുകയും കൂടുതൽ വേഗത്തിൽ കാർഡ് നൽകാനും കഴിയുന്നുണ്ട്.

റേഷൻകടകളുടെ പ്രവർത്തനം

130 (144) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നതും, പ്രവർത്തിച്ചിരുന്നതുമായ റേഷൻകടകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള റേഷൻകടകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്ത് നവീകരിക്കപ്പെട്ട റേഷൻകടകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ഡി) 2007-ൽ സംസ്ഥാനത്ത് റേഷൻകടകളുടെ പ്രതിദിന ശരാശരി വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിൽ സംസ്ഥാനത്ത് റേഷൻകടകളുടെ പ്രതിദിന ശരാശരി വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്ത് ക്രമക്കേടുകളുടെ പേരിൽ എത്ര റേഷൻകടകളുടെ ലൈസൻസ് റദ്ദു ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ജി) റദ്ദുചെയ്ത ലൈസൻസുകളിൽ എത്രയെണ്ണം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പുന:സ്ഥാപിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2007-ൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നതും പ്രവർത്തിച്ചിരുന്നതുമായ റേഷൻകൾ 14217 എണ്ണമാണ്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിലവിൽ 14160 റേഷൻകടകൾ ഉണ്ട്.

(സി) കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് നവീകരണം പൂർത്തിയാക്കപ്പെട്ട റേഷൻകടകൾ 654 എണ്ണമാണ്. ജില്ലാടിസ്ഥാനത്തിൽ താഴെ പറയുന്നു :

തിരുവനന്തപുരം	...	65
കൊല്ലം	...	54
പത്തനംതിട്ട	...	49
കോട്ടയം	...	50
ആലപ്പുഴ	...	50
എറണാകുളം	...	55
തൃശ്ശൂർ	...	59

LIBRARY ARCHIVES Kerala Legislative Assembly